# പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

## പോലീസിനും ക്രിമിനലുകൾക്കുമിടയിൽ ഇടനിലക്കാർ

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :1935 — 17/3/2015-ൽ മറുപടിക്ക്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എം.എ. ബേബി<br>ഡോ.കെ.ടി. ജലീൽ<br>ശ്രീ.കെ.വി.അബ്ദുൾ ഖാദർ<br>ശ്രീമതി. കെ.കെ. ലതിക | രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി |

| | | |
|---|---|---|
| (എ) | സംസ്ഥാനത്ത് കേസുകൾ ഒതുക്കി തീർക്കാനും അട്ടിമറിക്കാനും പോലീസിനും ക്രിമിനലുകൾക്കുമിടയിൽ ഇടനിലക്കാർ പ്രവർത്തിക്കുന്നതായി വിവരം ലഭിച്ചിട്ടുണ്ടോ; | ഇത്തരം ഒരു സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഇടനിലക്കാർ വഴി കൈക്കൂലി വാങ്ങി കേസിലെ പ്രതികളെ വിട്ടയച്ച സംഭവങ്ങൾ ഏതെല്ലാമാണ് റിപ്പോർട്ട് ചെയ്യപ്പെട്ടിരിക്കുന്നതെന്ന് വിശദമാക്കാമോ ; | ഇത്തരം സംഭവങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല. |
| (സി) | ഇത്തരം ഇടപാടുകളിൽ കുറ്റക്കാരായ പോലീസ് ഉദ്യോഗസ്ഥൻമാരെയും അവർക്ക് കൂട്ടുനിൽക്കുന്ന ഉന്നതരെയും നിയമത്തിന്റെ മുന്നിൽ കൊണ്ടുവരാനും ശിക്ഷിക്കാനും തയ്യാറാകുമോ ; | ക്രിമിനലുകൾക്കായി ഇടനിലക്കാരുമായി ബന്ധപ്പെട്ട പോലീസ് ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചുവരുന്നുണ്ട്. |
| (ഡി) | തട്ടിപ്പുകാരിയായ കവിതാപിള്ളയുടെ ഇടനിലയിൽ പോലീസുകാർ കൈക്കൂലി വാങ്ങി മയക്കുമരുന്ന് കേസ് പ്രതികളെ വിട്ടയച്ച സംഭവം റിപ്പോർട്ടു ചെയ്യപ്പെട്ടതിനു ശേഷം സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ; ഇത് സംബന്ധമായ രഹസ്യാന്വേഷണ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ ? | കൈക്കൂലി വാങ്ങി മയക്കുമരുന്ന് കേസിലെ പ്രതികളെ വിട്ടയച്ചിട്ടില്ല. എന്നാൽ കളമശ്ശേരി പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്തിരുന്ന NDPS Act കേസുകളുമായി ബന്ധപ്പെട്ട് കളമശ്ശേരി പോലീസ് സ്റ്റേഷനിലെ ഗ്രേഡ് എസ്.ഐ. ശ്രീ.പൗലോസ്, എ.എസ്.ഐ. ശ്രീ.രാജൻ, സി.പി.ഒ. ശ്രീ.ഷിന്റോ, എളമക്കര പോലീസ് |

| | | |
|---|---|---|
| | | സ്റ്റേഷനിലെ സി.പി.ഒ. ശ്രീ.സനൽ എന്നിവർ വഞ്ചനാ കേസുകളിലെ പ്രതിയായ കവിതാപിള്ള മുഖേന പണം കൈപ്പറ്റിയിട്ടുള്ളതായും ഗ്രേഡ് എസ്.ഐ. പൗലോസ്, സി.പി.ഒ. സനൽ എന്നിവർ കവിതാ പിള്ളയുമായി സമ്പർക്കം പുലർത്തിയിരുന്നതായും ഉള്ള കൊച്ചി സിറ്റി ഡെപ്യൂട്ടി പോലീസ് കമ്മീഷണറുടെ (L&O and Traffic) പ്രാഥമിക അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ടി ഗ്രേഡ് എസ്.ഐ. ശ്രീ.പൗലോസ്, എ.എസ്.ഐ.ശ്രീ.രാജൻ, സി.പി.ഒ. ശ്രീ.ഷിന്റോ, സി.പി.ഒ. ശ്രീ.സനൽ എന്നിവരെ 05.03.2015-ലെ ഉത്തരവ് പ്രകാരം സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്തിട്ടുള്ളതും ടിയാൻമാർക്കെതിരെ വാച്യാന്വേഷണത്തിന് ഉത്തരവായിട്ടുള്ളതുമാണ്. |

സെക്ഷൻ ഓഫീസർ